**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. രാഗി കൃഷ്ണൻ.ജി, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)- അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം: മേലെഴുത്ത് കത്ത് നം. ഇ.ബി5-85364/17/ആ.വ.ഡ തീയതി 25.09.2017

**ഉത്തരവ് നം. ഇ.എ1-40311/16/ആ.വ.ഡ തീയതി 26.09.2017**

നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ ജനറൽ മെഡിസിൻവിഭാഗം ജൂനിയർ കൺസൾട്ടന്റായി ജോലി ചെയ്തു വരവെ ഡോ. രാഗി കൃഷ്ണൻ.ജി അവധിയിൽ പ്രവേശിച്ചിരുന്നു. പരാമർശ പ്രകാരം, ഡോ. രാഗി കൃഷ്ണൻ.ജി യെ അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു.

ആയതിനാൽ ഡി.എം നെഫ്രോളജി സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോ. രാഗി കൃഷ്ണൻ.ജി യെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ചിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിലേക്ക് അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു, ടിയാരി എത്രയും പെട്ടെന്ന് ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

ഡോ. രാഗി കൃഷ്ണൻ.ജി യെക്കാളും സീനിയറായ ജൂനിയർ കൺസൾട്ടന്റ്മാർ ടി സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്ന സാഹചര്യം വരുകയാണെങ്കിൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. രാഗി കൃഷ്ണൻ.ജി, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി തിരുവനന്തപുരം
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**